REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 17-05-2026 സമയം 12.30 PM

## പ്രധാന വാർത്തകൾ

- **VD സതീശൻ നേതൃത്വം നൽകുന്ന മന്ത്രിസഭയുടെ സത്യപ്രതിജ്ഞാ ചടങ്ങിന് തിരുവനന്തപുരം നഗരം ഒരുങ്ങി. മന്ത്രിമാരുടെ പട്ടിക ഉച്ചയോടെ പ്രഖ്യാപിക്കുമെന്ന് KPCC പ്രസിഡന്റ് സണ്ണി ജോസഫ്.**
- **2026ലെ സുപ്രീം കോടതി ജഡ്ജിമാരുടെ എണ്ണം വർദ്ധിപ്പിക്കുന്ന ഭേദഗതി ഓർഡിനൻസിന് രാഷ്ട്രപതി ദ്രൗപതി മുർമുവിന്റെ അംഗീകാരം.**
- **ഹോർമൂസ് കടലിടുക്കിൽ വാണിജ്യ കപ്പലുകൾക്ക് നേരെയുണ്ടാകുന്ന ആക്രമണങ്ങളെ ഇന്ത്യ ശക്തമായി അപലപിച്ചു.**
- **താമരശ്ശേരി ചുരത്തിന് വീതി വർദ്ധിപ്പിക്കുന്നതിനാൽ നാളെ മുതൽ ഭാര വാഹനങ്ങളും മൾട്ടി ആക്സിൽ ലോറികളും വഴിതിരിച്ചു വിടും.**
- **ISL ഫുട്ബാളിൽ ഡൽഹി സ്പോർടിംഗ് ക്ലബ് അവസാന ഹോം മാച്ചിൽ ഇന്ന് ഇന്റർ കാശിയെ നേരിടും**

## വാർത്തകൾ വിശദമായി

VD സതീശൻ നേതൃത്വം നൽകുന്ന സംസ്ഥാന മന്ത്രിസഭയുടെ സത്യപ്രതിജ്ഞാ ചടങ്ങിന് തിരുവനന്തപുരം നഗരം ഒരുങ്ങി. നാളെ രാവിലെ പത്തിന് തിരുവനന്തപുരം സെൻട്രൽ സ്റ്റേഡിയത്തിലാണ് സത്യപ്രതിജ്ഞാ ചടങ്ങ്. പൊലീസും സെക്രട്ടറിയേറ്റ് ഉദ്യോഗസ്ഥന്മാരും അവസാനവട്ട ഒരുക്കങ്ങളിലേക്ക് കടന്നു. മുഖ്യമന്ത്രിക്കും മന്ത്രിമാർക്കും ഗവർണർ രാജേന്ദ്ര വിശ്വനാഥ് അർലേക്കറാണ് സത്യവാചകം ചൊല്ലിക്കൊടുക്കുക. ലോക്സഭാ

പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധി, കോൺഗ്രസ് പ്രസിഡന്റ് മല്ലികാർജുൻ ഖാർഗെ, പ്രിയങ്ക ഗാന്ധി തുടങ്ങിയവർ ചടങ്ങിനെത്തും.

തിരുവനന്തപുരത്ത് നിന്ന് ആകാശവാണി സ്മിതി M പള്ളുരുത്തി...

.......വോയ്സ്.......

✪✪✪

മന്ത്രിമാരുടെ പട്ടിക ഉച്ചയോടെ പ്രഖ്യാപിക്കുമെന്ന് KPCC പ്രസിഡന്റ് സണ്ണി ജോസഫ് പറഞ്ഞു. പ്രഖ്യാപനത്തിന് ശേഷം മന്ത്രിമാരുടെ പട്ടിക ഗവർണർക്ക്, നിയുക്ത മുഖ്യമന്ത്രി കൈമാറുമെന്നും അദ്ദേഹം മാധ്യമങ്ങളോട് പറഞ്ഞു.

✪✪✪

അഞ്ചാം മന്ത്രിക്കായി മുസ്‌ലിം ലീഗ് അവകാശവാദം ഉന്നയിക്കുന്നില്ലെന്ന് പാർട്ടി അധ്യക്ഷൻ പാണക്കാട് സയ്യിദ് സാദിഖലി ശിഹാബ് തങ്ങൾ പറഞ്ഞു. മന്ത്രിമാരെ നിയോഗിക്കുന്നതിൽ എല്ലാ കാര്യങ്ങളും പരിഗണിക്കും. പ്രാദേശിക തുല്യതയും യോഗ്യതയും പരിഗണിച്ചായിരിക്കും തീരുമാനമെന്നും തങ്ങൾ മാധ്യമങ്ങളോട് വ്യക്തമാക്കി.

✪✪✪

നിയുക്ത മുഖ്യമന്ത്രി വിഡി സതീശൻ തിരുവനന്തപുരത്ത് മലങ്കര കത്തോലിക്ക മേജർ ആർച്ച് ബിഷപ്പ് ബസേലിയോസ് ക്ലീമിസുമായി കൂടിക്കാഴ്ച നടത്തി. ബിഷപ് ഹൗസിലെത്തിയാണ് സതീശൻ സഭാധ്യക്ഷനെ കണ്ടത്.

✪✪✪

വർഗീയതയെ പ്രോത്സാഹിപ്പിക്കുന്ന സമീപനത്തെയല്ല കേരളത്തിലെ ജനത ആഗ്രഹിക്കുന്നതെന്ന് തെരഞ്ഞെടുപ്പ് ഫലം വ്യക്തമാക്കിയതായി AICC ജനറൽ സെക്രട്ടറി KC വേണുഗോപാൽ അഭിപ്രായപ്പെട്ടു. മുസ്ലീം ലീഗിനെ ആവർത്തിച്ച് ആക്രമിക്കുന്നത് സംസ്ഥാനത്ത് സാമൂഹ്യ സംഘർഷം ഉണ്ടാക്കുകയെന്ന ലക്ഷ്യത്തോടെയാണെന്ന് അദ്ദേഹം പറഞ്ഞു. UDF ൽ എല്ലാ പാർട്ടികളും പരസ്പര ബഹുമാനത്തോടെ പ്രവർത്തിക്കുന്നവരാണ്. ഒരു പാർട്ടിയും മറ്റൊരു പാർട്ടിക്ക് മേൽ മേധാവിത്വം നേടാൻ ശ്രമിക്കാറില്ല. രമേശ് ചെന്നിത്തല മന്ത്രിസഭയിൽ വേണമെന്നത് കോൺഗ്രസ് പ്രവർത്തകരുടെ ആവശ്യമായിരുന്നെന്നും അതിന് ചെന്നിത്തല തയ്യാറാവുകയായിരുന്നുവെന്നും വേണുഗോപാൽ ആലപ്പുഴയിൽ പറഞ്ഞു.

✪✪✪

കേരളത്തിലെ യഥാർത്ഥ ജനകീയ പ്രതിപക്ഷമായി NDA പ്രവർത്തിക്കുമെന്ന് BJP സംസ്ഥാന ജനറൽസെക്രട്ടറി MT രമേശ് തിരുവനന്തപുരത്ത് അറിയിച്ചു. ജനങ്ങളുടെ പ്രശ്നങ്ങൾ നിയമസഭയിൽ അവതരിപ്പിക്കുന്നത് പാർട്ടിയുടെ ഉത്തരവാദിത്തമായി കാണുമെന്ന് സംസ്ഥാന നേതൃയോഗ തീരുമാനം അറിയിച്ച രമേശ് വ്യക്തമാക്കി.

✪✪✪

തമിഴ്നാട്ടിൽ MGR ഉം ആന്ധ്രയിൽ NTR ഉം നേടിയ വിജയത്തിലും വലുതാണ് വിജയ്-ന്റേതെന്ന് പ്രശസ്ത നടൻ രജനീകാന്ത് അഭിപ്രായപ്പെട്ടു. രണ്ട് ദ്രാവിഡ പാർട്ടികളെയും BJP യെയും പരാജയപ്പെടുത്തിയാണ് വിജയ്ന്റെ പാർട്ടി ഭരണത്തിലെത്തിയതെന്ന് അദ്ദേഹം ചെന്നൈയിൽ പറഞ്ഞു. ഒരു രാഷ്ട്രീയ പാർട്ടിയോടും ആഭിമുഖ്യമില്ലെന്നും DMK, AIADMK സഖ്യത്തിന് ഇടനിലക്കാരനായി പ്രവർത്തിച്ചുവെന്ന വാർത്തകൾ അടിസ്ഥാന രഹിതമാണെന്നും രജനീകാന്ത് വ്യക്തമാക്കി. സാമൂഹ്യമാധ്യമങ്ങളിലെ പ്രചാരണങ്ങളെ തുടർന്നാണ് രജനീകാന്ത് വാർത്താസമ്മേളനത്തിൽ ഇക്കാര്യങ്ങൾ വിശദീകരിച്ചത്.

✪✪✪

2026ലെ സുപ്രീം കോടതി ജഡ്ജിമാരുടെ എണ്ണം വർദ്ധിപ്പിക്കുന്ന ഭേദഗതി ഓർഡിനൻസിന് രാഷ്ട്രപതി ദ്രൗപതി മുർമു അംഗീകാരം നൽകി. ചീഫ് ജസ്റ്റിസ് ഒഴികെ ജഡ്ജിമാരുടെ അംഗസംഖ്യ 33-ൽ നിന്ന് 37 ആയാണ് ഉയർത്തുന്നത്. 1956-ലെ സുപ്രീം കോടതി നിയമത്തിലാണ് ഭേദഗതി വരുത്തിയത്. ഇതോടെ ചീഫ് ജസ്റ്റിസ് അടക്കം സുപ്രീം കോടതി ജഡ്ജിമാരുടെ എണ്ണം 38 ആകും.

✪✪✪

ഇന്ത്യാ നെതർലാൻഡ് ഉഭയകക്ഷി ബന്ധം തന്ത്രപരമായ പങ്കാളിത്ത തലത്തിലേക്ക് ഉയർത്താൻ പ്രധാനമന്ത്രി നരേന്ദ്ര മോദിയും ഡച്ച് പ്രധാനമന്ത്രി റോബ് ജെറ്റനും ഹേഗിൽ നടത്തിയ ചർച്ചകളിൽ തീരുമാനമായി. വ്യാപാരം, പ്രതിരോധം, സാങ്കേതികവിദ്യ, ഊർജ്ജം, ആരോഗ്യ സംരക്ഷണം, വിദ്യാഭ്യാസം തുടങ്ങിയ മേഖലകളിലെ സഹകരണം എന്നിവ ഇരു നേതാക്കളും ചർച്ചയ്ക്കിടെ അവലോകനം ചെയ്തു.

✪✪✪

2027 ലെ സെൻസസിന്റെ ഒന്നാം ഘട്ടത്തിൽ വീടുകളുടെ പട്ടികയും വീടുകളുടെ സ്ഥിതിവിവര കണക്കുകളും ശേഖരിക്കുന്ന പ്രവർത്തനങ്ങൾ അഞ്ച് സംസ്ഥാനങ്ങളിലും കേന്ദ്രഭരണ പ്രദേശങ്ങളിലും തുടങ്ങി. രാജസ്ഥാൻ, മേഘാലയ, മഹാരാഷ്ട്ര, ജാർഖണ്ഡ്, ഡൽഹി എൻസിടിയിലെ ഡൽഹി

മുനിസിപ്പൽ കോർപ്പറേഷൻ എന്നിവിടങ്ങളിലാണ് ഫീൽഡ് പ്രവർത്തനങ്ങൾ നടക്കുന്നത്.

ഭവന സാഹചര്യങ്ങൾ, വീട്ടുവിവരങ്ങൾ, ലഭ്യമായ സൗകര്യങ്ങൾ, വീടുകളുടെ കൈവശ ആസ്തികൾ എന്നിവയുമായി ബന്ധപ്പെട്ട വിവരങ്ങളാണ് ഫീൽഡ് പ്രവർത്തനത്തിൽ 33 നോട്ടിഫൈഡ് ചോദ്യങ്ങൾ അടങ്ങിയ ചോദ്യാവലിയിലൂടെ ശേഖരിക്കുന്നത്.

✪✪✪

ഹോർമൂസ് കടലിടുക്കിൽ വാണിജ്യ കപ്പലുകൾക്ക് നേരെയുണ്ടാകുന്ന ആക്രമണങ്ങളെ ഇന്ത്യ ശക്തമായി അപലപിച്ചു. കപ്പലുകളെ ആക്രമിക്കുന്നത് സമുദ്ര യാത്രാ സ്വാതന്ത്ര്യത്തെ തടസ്സപ്പെടുത്തുന്നതാണെന്ന് ഐക്യരാഷ്ട്ര സഭയിലെ ഇന്ത്യയുടെ സ്ഥിരം പ്രതിനിധി പർവതനേനി ഹരീഷ് പറഞ്ഞു. ആഗോള ഊർജ്ജ വിതരണ രംഗത്തെ തടസ്സങ്ങൾ പരിഹരിക്കുന്നതിന് ഐക്യരാഷ്ട്രസഭയുടെ സാമ്പത്തിക സാമൂഹിക കൗൺസിലിന്റെ പ്രത്യേക യോഗത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

✪✪✪

പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ പ്രതിമാസ റേഡിയോ പരിപാടി മൻ കി ബാതിന്റെ 134-ാം പതിപ്പ് ഈ മാസം 31ന്. പൊതുജനങ്ങൾക്ക് ആശയങ്ങളും നിർദേശങ്ങളും നമോ ആപ്, mygov.in വെബ്സൈറ്റ് വഴി ഈ മാസം 29 വരെ പങ്കുവെക്കാം.

✪✪✪

താമരശ്ശേരി ചുരത്തിന് വീതി വർദ്ധിപ്പിക്കുന്നതിനാൽ നാളെ മുതൽ ഭാര വാഹനങ്ങളും മൾട്ടി ആക്സിൽ ലോറികളും വഴിതിരിച്ചു വിടുമെന്ന് PWD എക്സിക്യൂട്ടീവ് എഞ്ചിനീയർ അറിയിച്ചു.

കോഴിക്കോട്ട് നിന്ന് കൽപ്പറ്റ ഭാഗത്തേക്ക് പോകുന്ന വലിയ വാഹനങ്ങൾ താമരശ്ശേരി ചുങ്കത്തുനിന്ന് തിരിഞ്ഞ് ബാലുശ്ശേരി-കുറ്റ്യാടി വഴി പോകണം. കൽപ്പറ്റയിൽ നിന്ന് കോഴിക്കോട് ഭാഗത്തേക്ക് പോകുന്ന വാഹനങ്ങൾ വൈത്തിരി ടൗണിൽനിന്ന് തിരിഞ്ഞ് പടിഞ്ഞാറത്തറ-തരുവണ-കുറ്റ്യാടി വഴിയും പോകേണ്ടതാണ്.

ചുരത്തിലൂടെ പോകുന്ന മറ്റു വാഹനങ്ങൾ വേഗം കുറച്ചും സുരക്ഷിതമായും അതാത് സമയത്തെ നിർദേശങ്ങൾക്കനുസരിച്ച് പോകണമെന്നും അറിയിപ്പിൽ പറയുന്നു.

✪✪✪

വെള്ളിയാഴ്ച തിരുവനന്തപുരത്ത് നിന്ന് പുറപ്പെട്ട രാജധാനി എക്സ്പ്രസ് ട്രെയ്നിന് മധ്യപ്രദേശിലെ രത്‌ലം ജില്ലയിൽ തീ പിടിച്ചു. പുലർച്ചെയായിരുന്നു അപകടം. B1 കോച്ചിനാണ് തീപിടിച്ചത്.

കോട്ട റെയിൽവെ ഡിവിഷന് കീഴിലെ ലൂനി റിച്ച - വിക്രംഗഡ് സ്റ്റേഷനുകൾക്കിടയിലായിരുന്നു അപകടം. ആളപായം ഇല്ല.

✪✪✪

വയനാടൻ കാപ്പി കൃഷിക്ക് പുതുജീവനേകി 25 കോടി രൂപയുടെ കേരളാ കലാവസ്ഥാ പ്രതിരോധ കാർഷിക നവീകരണ പദ്ധതി- കേരയ്ക്ക്, വയനാട്ടിൽ തുടക്കമാകുന്നു. കാപ്പി കർഷകർക്ക് ഹെക്ടറിന് ഒരു ലക്ഷത്തി പതിനായിരം രൂപയുടെ ധനസഹായമാണ് പദ്ധതിയിൽ നൽകുന്നത്.

വയനാട്ടിൽ നിന്ന് അരുൺ വിൻസെന്റ്...

..........വോയ്സ്........

✪✪✪

ലക്ഷദ്വീപ്, ആൻഡമാൻ നിക്കോബാർ ദ്വീപ് സമൂഹങ്ങളിലെ മത്സ്യബന്ധന മേഖലയിൽ കേന്ദ്രം നൂതന പരിഷ്ക്കാരങ്ങൾ നടപ്പിലാക്കാനൊരുങ്ങുന്നതായി ലക്ഷദ്വിപ്ഫിഷറീസ് വകുപ്പ് അറിയിച്ചു.

കേന്ദ്രമന്ത്രിമാരായ പീയൂഷ് ഗോയലും, രാജീവ് രഞ്ജൻ സിംഗും പങ്കെടുത്ത ഉന്നതതല യോഗത്തിലാണ് ലക്ഷദ്വീപിന്റെ മത്സ്യബന്ധന മേഖലയ്ക്ക് പ്രത്യേക പരിഗണന നൽകാൻ തീരുമാനിച്ചതെന്ന് ലക്ഷദ്വീപ് ഫിഷറീസ് വകുപ്പ് വ്യക്തമാക്കി.

✪✪✪

ആകാശവാണിയുടെ തൊണ്ണൂറാം വാർഷികാഘോഷങ്ങളുടെ ഭാഗമായി തിരുവനന്തപുരം നിലയം രാവിലെ സംഘടിപ്പിച്ച സൈക്ലത്തോൺ ഗവർണർ രാജേന്ദ്ര വിശ്വനാഥ ആർലേക്കർ ഫ്ലാഗ് ഓഫ് ചെയ്തു. തിരുവനന്തപുരം ആകാശവാണി റീജിയണൽ ചാനൽ മാനേജർ ഡോ. AG ബൈജു, പ്രോഗ്രാം മേധാവി PA ബിജു, വാർത്താവിഭാഗം അസിസ്റ്റന്റ് ഡയറക്ടർ സ്മിതി M. പള്ളൂരുത്തി, സെയിൽസ് സെന്റർ മേധാവി ജെറോം JM. തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു. പ്രതികൂല കാലാവസ്ഥയിലും മാനവീയം വീഥി, പാളയം, ബേക്കറി ജംഗ്ഷൻ വഴി ആകാശവാണി വരെ സഞ്ചരിച്ച സൈക്ളത്തോണിൽ ജീവനക്കാരും പൊതുജനങ്ങളും ഉൾപ്പെടെ നൂറോളം പേർ പങ്കെടുത്തു.

✪✪✪

ISL ഫുട്ബാളിൽ ഡൽഹി സ്പോർട്ടിംഗ് ക്ലബ് അവസാന ഹോം മാച്ചിൽ ഇന്ന് ഇന്റർ കാശിയെ നേരിടും. വൈകിട്ട് അഞ്ചിന് ഡൽഹി ജവഹർലാൽ നെഹ്റു സ്റ്റേഡിയത്തിലാണ് മത്സരം.

✪✪✪

IPL ക്രിക്കറ്റിൽ ഇന്ന്, പഞ്ചാബ് കിംഗ്സ്, റോയൽ ചാലഞ്ചേഴ്സ് ബംഗലൂരുവിനെ നേരിടും. ധർമശാലയിൽ വൈകിട്ട് മൂന്നരയ്ക്കാണ് മത്സരം.

രണ്ടാം മത്സരത്തിൽ ഡൽഹി ക്യാപിറ്റൽസ്, രാജസ്ഥാൻ റോയൽസിനെ നേരിടും. ഡൽഹിയിൽ വൈകിട്ട് ഏഴരയ്ക്കാണ് മത്സരം.

✪✪✪

*News Editor വി കെ സുരേഷ്*
*News reader : സയ്യിദ് അലി ശിഹാബ്*
*News Team: അനിൽ ചന്ദ്രൻ, രജ്ന കെ*
*DEO : സികെ സുബോധ്*